"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ)-യുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വെളി മൈതാൻ പോസ്റ്റ് ഓഫീസ് അടവാക്കാൻ കുടിശ്ശികയുണ്ടായിരുന്ന വാടകയുടെ പലിശയും ജി.എസ്.റ്റി-യും അടവാക്കുന്നതിൽ നിന്നും ഇളവ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.19/2025/LSGD തീയതി,തിരുവനന്തപുരം, 01-01-2025

---

പരാമർശം:- 1. ജിസിഡിഎ സെക്രട്ടറിയുടെ 29.02.2024, 15.11.2024 തീയതികളിലെ 2087/സി-13/വെളി മൈതാൻ/13&14/പോസ്റ്റാഫീസ്/ജിസിഡിഎ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ജിസിഡിഎയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന എറണാകുളം ജില്ലയിലെ വെളി മൈതാൻ പോസ്റ്റ് ഓഫീസിന് സർവീസ് നികുതിയും പലിശയും പിഴ പലിശയും ചേർന്ന് വാടക കുടിശ്ശിക ആയിട്ടുണ്ടെന്നും വാടക കുടിശ്ശിക ഇനത്തിൽ ₹ 73,768 -യും വാടക കുടിശ്ശികയുടെ 31/10/2024 വരെയുള്ള പലിശ ഇനത്തിൽ ₹ 1,12,968 + ജി.എസ്.റ്റി-യും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പോസ്റ്റൽ വകുപ്പ് അടവാക്കാനുണ്ടെന്നും മേൽ തുകയിൽ വാടക കുടിശ്ശികയുടെ 31/10/2024 വരെയുള്ള പലിശയായ 1,12,968 രൂപയും ടി തുകയുടെ ജി.എസ്.റ്റി-യും അതോറിറ്റിയിൽ അടവാക്കുന്നതിൽ നിന്നും ഇളവ് ചെയ്ത് നൽകണമെന്ന് പോസ്റ്റൽ വകുപ്പ് അഭ്യർത്ഥിച്ചിരുന്നതായും ഈ വിഷയത്തിൽ സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളണമെന്നും ജിസിഡിഎ സെക്രട്ടറി പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ജിസിഡിഎയുടെ കെട്ടിടത്തിൽ പോസ്റ്റൽ വകുപ്പിന്റെ കെട്ടിടം പ്രവർത്തിച്ച വകയിലുള്ള വാടക കുടിശ്ശികയുടെ 31/10/2024 വരെയുള്ള പലിശയായ 1,12,968 രൂപയും ടി തുകയുടെ ജി.എസ്.റ്റി-യും അതോറിറ്റിയിൽ അടവാക്കുന്നതിൽ നിന്നും പൂർണ്ണമായും ഇളവ് ചെയ്ത് നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ജിസിഡിഎ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക് വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (IA3/139/2024/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 03-01-2025 09:43:18

സെക്ഷൻ ഓഫീസർ